**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1725** **05.02.2019 ലെ മറുപടിയ്ക്ക്**

## എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ, സർക്കാർ നിർദ്ദേശപ്രകാരം, ഡോ.ആർ.വി.ജി.മേനോന്റെ അദ്ധ്യക്ഷതയിൽ ഒരു 3 അംഗ കമ്മിറ്റിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. ഈ സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2018 അദ്ധ്യയന വർഷം എത്ര സീറ്റിൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്നും നിലവിൽ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2018 അധ്യയന വർഷത്തെ സീറ്റ്നില സംബന്ധിച്ച് കേരള സാങ്കേതിക സർവ്വകലാശാലയിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇത് സംബന്ധിച്ച പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ബി.ടെക്-ന് ക്ലാസ്സെടുക്കുവാൻ യോഗ്യരായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ അവിടത്തെ പഠന നിലവാരം മോശമാകുന്നുവെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് അധ്യാപകരായി എം.ടെക്ക്. യോഗ്യതയുള്ളവരെയും പ്രിൻസിപ്പലായി പി.എച്ച്.ഡി യോഗ്യതയുള്ളവരെയും മാത്രമേ നിയമിക്കാവൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**